## 2010 ഫെബ്രുവരി 7
## ആനീദെ ഞായർ
## യോഹ 5:19-29

സകല പരേതരെയും പ്രത്യേകമായി ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദിനമാണ് ആനീദെ ഞായർ. പിതാവിന്റെ അനുഗഹങ്ങളോടെ പുത്രൻ തമ്പുരാൻ ഭൂമിയിലേക്ക് ഇറങ്ങി വന്നത് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്. പറുദീസായിൽ വച്ച് നഷ്ടമായ ദൈവിക ജീവൻ വീണ്ടെടുക്കാനാണ് യേശുക്രിസ്തു മനുഷ്യനായത്. അതിനാൽ, യേശുവിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു. നിത്യജീവൻ ലഭിച്ചവർക്ക് മരണമില്ല. അവർ ശാരീരികമായി മരിച്ചാലും ദൈവരാജ്യത്തിൽ ജീവിക്കുന്നവരാണ്.

യേശു അരുളിചെയ്തു: "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവന് ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു." (യോഹ 5:24). ദൈവത്തിൽ വിശ്വസിക്കുകയും ദൈവപുത്രന്റെ വചനം പാലിക്കുകയും ചെയ്താൽ നാം നിത്യജീവൻ പ്രാപിക്കും, അതിൽ വളരുകയും ചെയ്യും. ദൈവികജീവൻ ഉള്ളവരായ വിശ്വാസികൾക്ക് മരണമില്ല. സാത്താന്റെ വചനം കേൾക്കുകയും സാത്താനിൽ വിശ്വസിക്കുകയും ചെയ്തവർ പാപത്തിലൂടെ പറുദീസയിൽ നിന്നും പുറത്തായി. സ്വർഗ്ഗീയ പിതാവിൽ വിശ്വസിക്കുകയും ക്രിസ്തുവിന്റെ വചനം കേട്ട് പാലിക്കുകയും ചെയ്യുന്നവർ സുകൃതികളായിത്തീരും. ദൈവരാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ പ്രവേശിച്ച് ക്രിസ്തുവിന്റെ ജീവനിൽ വളരാൻ നമുക്ക് പരിശ്രമിക്കാം.

"മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അല്ല, അത് വന്നു കഴിഞ്ഞു." (യോഹ 5:25). മരിച്ചവർ എന്നാൽ ദൈവിക ജീവൻ ഇല്ലാത്തവർ എന്നാണ് അർത്ഥം. അതായത് അവർ പാപത്തിൽ ഈ ലോകത്തിൽ മരിച്ചവരാണ്. ദൈവീക ജീവൻ അല്ലെങ്കിൽ നിത്യജീവൻ, ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ വചനം സ്വീകരിക്കുകയും ചെയ്യുന്നതിലൂടെയാണ് ലഭിക്കുന്നത്. ദൈവപുത്രന്റെ വചനത്തിൽ വിശ്വസിച്ച് മരിച്ചവർക്ക് നിത്യജീവൻ ലഭിക്കുന്നു. ക്രിസ്തുവിന്റെ ജീവൻ ലഭിച്ചിട്ടുള്ളതുകൊണ്ട് വിശ്വാസികൾക്ക് മരണമില്ല.

അങ്ങനെയെങ്കിൽ, ക്രിസ്തീയ മരണം എന്താണ്? ക്രിസ്തു അരുളിച്ചെയ്തു: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നുവെന്ന് ഞാൻ നിങ്ങളോട് പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്ക് സ്ഥലമൊരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടികൊണ്ട് പോകും." (യോഹ 14:2-3). ക്രിസ്തു നമ്മളെ ഈ ലോകത്തിൽ നിന്ന് സ്വീകരിച്ച് സ്വർഗലോകത്തിലെ നിത്യവാസ സ്ഥലങ്ങളിൽ നമ്മെ വസിപ്പിക്കുന്നതാണ് മരണം. ക്രിസ്തു വന്ന് നമുക്കായി ഒരുക്കിയിരിക്കുന്ന വാസ്ഥലത്തേക്ക് കൂട്ടികൊണ്ടുപോകുന്നതുകൊണ്ട് ക്രിസ്തീയ മരണം ആനന്ദത്തിന്റെ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. രക്ഷകൻ വന്ന് നമ്മെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോകുന്ന അനുഭവമാണ് മരണം.

ഇപ്രകാരം, നമുക്ക് മുമ്പായി ക്രിസ്തു പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കി അവി

ടെ താമസിപ്പിച്ചിരിക്കുന്നവരാണ് നമ്മുടെ പൂർവികർ. അവർ ദൈവസന്നിധിയിൽ ജീവിക്കുന്നു. അതിനാൽ നമ്മൾ മരിച്ചവരോട് പ്രാർത്ഥിക്കുകയല്ല, മറിച്ച്, ഇഹലോകം വിട്ട് സ്വർഗ്ഗത്തിൽ പോയി അവിടെ ജീവിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കുന്നവരാണ്. ഇഹത്തിൽ ജീവിക്കുന്നവരെ നാം ഓർക്കുകയും പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുന്നതു പോലെയാണ് മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയും. ഫലം നൽകുന്നവൻ കർത്താവാണ്. ദൈവം മരിച്ചവരുടെ മാത്രമല്ല; മറിച്ച് ജീവിക്കുന്നവരുടെയും ദൈവമാണ് എന്നുള്ള സത്യവും വിസ്മരിച്ചുകൂട.

നമ്മുടെ കുടുംബങ്ങളിൽ നിന്ന് ഇടവക സമൂഹത്തിൽ നിന്നും വേർപിരിഞ്ഞുപോയവരെ നമുക്ക് ഓർക്കാം. സെമിത്തേരിയിൽ പോയി കല്ലറയിൽ പ്രാർത്ഥിക്കുന്നത് ഒരടയാളമാണ്. മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ അംഗങ്ങൾ ഉൾച്ചേർന്ന തിരുസഭയുടെ കൂട്ടായ്മയുടെ അടയാളം. അത് പ്രാർത്ഥനയിലൂടെ ആചരിക്കുന്നു. അതുപോലെ നമ്മൾ സ്വർഗ്ഗവാസികളെ ഓർക്കുന്നു. പുണ്യവാൻമാരുമായുള്ള കൂട്ടായ്മയുടെ സ്മരണ പുതുക്കുന്നു. നമുക്കു മുമ്പേ സ്വർഗത്തിൽ എത്തിച്ചേർന്നവരെ ഓർത്ത് പ്രാർത്ഥിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.